**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **17-09-2025 - ൽ മറുപടിയ്ക്ക്**

**കടമെടുപ്പ് മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങളുടെ കടമെടുപ്പ് മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 04.04.2025 ലെ കേന്ദ്ര ധനമന്ത്രാലയത്തിന്റെ 40(1)/PF-S/2025-26 കത്ത് പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പ പരിധി (തനി) സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 3% ആയി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ കേന്ദ്ര സർക്കാർ പുതിയ ചില മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിർദ്ദിഷ്ട കത്തിലെ ഖണ്ഡിക 11 ൽ, 12-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയ്ക്ക് അനുസൃതമായി ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാനും ഫണ്ട് രൂപീകരിച്ച് 5 വർഷക്കാലയളവിൽ സംസ്ഥാനത്തെ മൊത്തം ഗ്യാരണ്ടി കുടിശ്ശികയുടെ 5%-ൽ കുറയാത്ത തലത്തിലേയ്ക്ക് GRF ലെ നിക്ഷേപം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ആർ.ബി.ഐ വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിട്ടുള്ളതും ചൂണ്ടിക്കാട്ടി, GRF ലേക്കുള്ള നിക്ഷേപത്തിൽ ശിപാർശിത തോതിൽ നിന്നും കുറവുണ്ടായാൽ ആയത് സംസ്ഥാനത്തിന്റെ മൊത്തം കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം കുറവു വരുത്താവുന്ന തുക നടപ്പ് സാമ്പത്തിക വർഷത്തെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 0.25% (3323 കോടി രൂപ) ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ 2024 ഏപ്രിൽ 1 ന മുൻപ് ലഭ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം സംസ്ഥാന ട്രഷറിയിലോ/P.D Account ലോ 2025 ഏപ്രിൽ 1 ന ശേഷം ചിലവാകാതെ കിടക്കുകയാണെങ്കിൽ അത് സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി കണക്കാക്കി മൊത്തം |

| | | | |
|---|---|---|---|
| | | | വായ്പ പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന് ഖണ്ഡിക 12 പ്രകാരം അറിയിച്ചിട്ടുണ്ട്.<br><br>CAPF കുടിശ്ശിക പോലുള്ള കേന്ദ്ര സർക്കാർ കുടിശ്ശികകൾ സമയബന്ധിതമായി അടയ്ക്കുന്നതിൽ കാലവിളംബം വരുത്തിയാൽ അത്തരം കുടിശ്ശികകൾ സംസ്ഥാനത്തിന്റെ ബാധ്യതയായി കണക്കാക്കുമെന്നും അവ 01.10.2025 ന് മുൻപ് തീർപ്പാക്കണമെന്നും പ്രസ്തുത കത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പുതിയ പരിഷ്കാരങ്ങൾ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | കേന്ദ്ര സർക്കാരിന് ആദ്യ പാദ കടമെടുപ്പിന് അനുമതി ആവശ്യപ്പെട്ടിരുന്ന സമയത്ത് സംസ്ഥാന സർക്കാർ ഗ്യാരന്റി ഫണ്ട് രൂപീകരിക്കുകയോ ആയതിൽ നിശ്ചിത തുക നിക്ഷേപിക്കുകയോ ചെയ്തിരുന്നില്ല. തത് ഫലമായി കടമെടുപ്പ് പരിധിയിൽ നിന്ന് 3323 കോടി രൂപ കേന്ദ്ര സർക്കാർ കുറച്ചിട്ടുണ്ട്. കൂടാതെ 2025 ഏപ്രിൽ 1 ന് ശേഷം കേന്ദ്രാവിഷ്കൃത പദ്ധതിയിലെ കേന്ദ്ര വിഹിതമായ 8.34 കോടി രൂപ സംസ്ഥാന ട്രഷറിയിൽ കുടിശ്ശികയായിട്ടുള്ളതിനാൽ ആയതും സംസ്ഥാനത്തിന്റെ മൊത്തം കടമെടുപ്പ് പരിധിയിൽ നിന്ന് കുറവു വരുത്തിയിട്ടുണ്ട്. ബജറ്റ് അവതരണ ശേഷം കടമെടുപ്പ് പരിധിയിൽ സംഭവിച്ച ഇടിവ് ബജറ്റ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകൾക്ക് നൽകുന്ന ഗ്യാരണ്ടികൾക്ക്, റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കണമെന്ന കേന്ദ്ര നിർദേശത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് GRF രൂപീകരിച്ച് കൊണ്ട് 06.08.2025 ൽ എസ്.ആർ.ഒ ന.880/2025 ആയി വിജ്ഞാപനം കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി സ്പെഷ്യൽ കറന്റ് അക്കൗണ്ടും (Special Current Account) എസ്.ജി.എൽ അക്കൗണ്ടും (SGL Account)ലഭ്യമാക്കി ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് ആരംഭിക്കുന്നതിന് ആവശ്യമായ അക്കൗണ്ടുകൾ പൂർത്തിയായെന്ന് റിസർവ് ബാങ്ക് (ആർ.ബി.ഐ)അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ